108 (1557) അമ്പലമുക്ക് എൻ.സി.സി. റോഡിൽ കൂടിയുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലമുക്ക് എൻ.സി.സി. റോഡിൽ കൂടിയുള്ള കെ.എസ്. ആർ.ടി.സി. ബസ് സർവ്വീസ് രണ്ടുവർഷമായി മുടങ്ങിക്കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് ഗതാഗത യോഗ്യമായതിനുശേഷവും ബസ് സർവ്വീസ് നടത്താത്തതിന് കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർവ്വീസ് എന്ന് പുനരാരംഭിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടെലിഫോണിന്റെ കേബിൾ ഇടുന്നതിനുവേണ്ടി റോഡ് കുറുകെ കുഴിച്ചിട്ടിരിക്കുന്നതിനാലാണ് ബസ് സർവ്വീസ് നടത്താതിരുന്നത്.

(സി) 5.4.99 മുതൽ സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ട്.

109 (1558) കൊല്ലം - ഗവി ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിഗിരി പൗവർഹൗസ് പച്ചക്കാനം എന്നിവിടങ്ങളിലെ തൊഴിലാളികൾക്കും നാട്ടുകാർക്കും പ്രയോജനം ചെയ്യുന്ന കൊല്ലം-ഗവി ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടോ;

(ബി) മഴക്കാലത്ത് തകർന്ന റോഡുകൾ നന്നാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സർവ്വീസ് ഉടൻ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഗവി വരെയുള്ള ബസ് സർവ്വീസ് വണ്ടിപ്പെരിയാറിലേയ്ക്കോ തേക്കടിയിലേയ്ക്കോ നീട്ടി ആദായകരം ആക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. റോഡ് ഗതാഗതയോഗ്യമല്ലാത്തതുകൊണ്ടാണ് ഈ വഴിയുള്ള ബസ് സർവ്വീസ് നിർത്തിവച്ചത്. മാത്രമല്ല പ്രസ്തുത സർവ്വീസിൽ നിന്നുള്ള വരുമാനം തീരെ കുറവാണ്.

(ബി) റോഡ് ഇപ്പോഴും ഗതാഗതയോഗ്യമല്ല.

(സി) റോഡ് ഗതാഗതയോഗ്യമല്ലാത്തതിനാൽ തൽക്കാലം നിർവാഹമില്ല.

(ഡി) റോഡ് ഗതാഗതയോഗ്യമല്ലാത്തതിനാൽ നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly